**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1738** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകുന്ന ഇ - ഗ്രാൻഡ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2023 വർഷം മുതൽ ആർട്സ് & സയൻസ് കോളേജുകളിൽ എത്ര വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ഇ - ഗ്രാൻഡ്സ് മുഖേന സാമ്പത്തിക സഹായം നൽകുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | **2022-23 വർഷം മുതൽ നാളിതുവരെ ആകെ 72,418 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് സഹായം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് 2018-2019 മുതൽ 2022-23 വരെയുണ്ടായിരുന്ന 4,828 വിദ്യാർത്ഥികളുടെ കുടിശ്ശിക SNA-PFMS ഇന്റഗ്രേഷൻ വഴി 2023-24 സാമ്പത്തിക വർഷം അനുവദിച്ചു. 2023-24 സാമ്പത്തിക വർഷത്തെ ഇ-ഗ്രാന്റ്സ് വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.** |
| (ബി) | ഇ - ഗ്രാൻഡ്സ് ലഭിക്കാൻ വേണ്ടി വിദ്യാർത്ഥികൾ കോളേജിൽ സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | **ഇ-ഗ്രാന്റ്സ് ലഭിക്കുന്നതിനുവേണ്ടി വിദ്യാർത്ഥികൾ കോളേജിൽ സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.**<br><br>*** അക്ഷയ സെന്ററിൽ നിന്ന് ഇ-ഗ്രാന്റ്സ് 3.0 എന്ന സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്ത് ലഭിക്കുന്ന ഫോട്ടോ പതിപ്പിച്ച അപേക്ഷാ ഫോറം (2024-25)-(വകുപ്പ് മേധാവി ശുപാർശ ചെയ്തത്)**<br><br>*** എസ്.എസ്.എൽ.സി മുതലുള്ള സർട്ടിഫിക്കറ്റുകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.**<br><br>*** ഒറിജിനൽ വരുമാന, ജാതി സർട്ടിഫിക്കറ്റുകൾ (എസ്.സി എസ്.ടി വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല. എന്നാൽ, വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.)**<br><br>*** ആധാർ, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ വിദ്യാർത്ഥിയുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആയിരിക്കണം. ഇ-ഗ്രാന്റ്സ് പ്രൊഫൈലിൽ രേഖപ്പെടുത്തുന്ന ഫോൺ നമ്പരും, ബാങ്ക് അക്കൗണ്ടും ആധാറുമായി ലിങ്ക് ചെയ്തിരിക്കണം.** |

| | | | |
|---|---|---|---|
| | | | *** പഠന കാലയളവിൽ കോഴ്സ് ബ്രേക്ക് ഉണ്ടായിട്ടുണ്ടെങ്കിൽ, കാരണം സൂചിപ്പിച്ചുള്ള ജില്ലാ പട്ടിക ജാതി/പട്ടികവർഗ്ഗ വികസന ഓഫീസർക്കുള്ള അപേക്ഷ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയത്. (കോഴ്സ് ബ്രേക്കിനുള്ള കാരണം ഓൺലൈൻ അപേക്ഷയിലും രേഖപ്പെടുത്തണം.)**<br><br>*** ലക്ഷദീപ് വിദ്യാർത്ഥികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ച ശേഷം അതിന്റെ പ്രിന്റൗട്ട് ഹാജരാക്കണം.**<br><br>*** ഹോസ്റ്റലിൽ താമസിക്കുന്നവർ ഹോസ്റ്റൽ ഇൻമേറ്റ് സർട്ടിഫിക്കറ്റ് അപ്പ് ലോഡ് ചെയ്യുകയും, അപേക്ഷയോടൊപ്പം ഹാജരാക്കുകയും വേണം. SC/ST/OEC/OBC(H),(OBC, General PG വിദ്യാർത്ഥികൾക്ക്)**<br><br>*** പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ അപേക്ഷിച്ചതും എന്നാൽ ഒഴിവില്ലാത്തതിനാൽ മറ്റ് ഹോസ്റ്റലുകളിൽ പ്രവേശനം നേടിയതുമായ വിദ്യാർത്ഥികൾ പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ നിന്നുള്ള Non- inmate Certificate നിർബന്ധമായും അപ്പ് ലോഡ് ചെയ്യേണ്ടതും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.**<br><br>*** അലോട്ട്മെന്റ് മെമ്മോ അപ്പ് ലോഡ് ചെയ്യണം. സ്പോർസ് ക്വോട്ടയിൽ പ്രവേശനം നേടുന്നവർ പ്രസ്തുത വിവരം സൂചിപ്പിച്ച് വകുപ്പ് മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രമാണ് അപ്പ് ലോഡ് ചെയ്യേണ്ടത്. മെമ്മോ/ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കണം.**<br><br>*** ഫിഷർമെൻ സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ മറ്റ് ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ല എന്ന സാക്ഷ്യപത്രം വകുപ്പ് മേധാവിയിൽ നിന്നും ഹാജരാക്കണം.**<br><br>*** അപേക്ഷ ഓഫ് ലൈനായി രജിസ്റ്റർ ചെയ്യുന്നതോടൊപ്പം മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപ്പ് ലോഡ് ചെയ്യേണ്ടതുണ്ട്. അപക്ഷയും അപ്പ് ലോഡ് ചെയ്ത രേഖകളും ചേർത്ത് കോളേജ് ഓഫീസിൽ ഹാജരാക്കണം.** |
| (സി) | 2023 - 24 സാമ്പത്തിക വർഷം ഇ - ഗ്രാൻഡ്സ് മുഖേന വിദ്യാർത്ഥികൾക്ക് എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; ഇനി എത്രപേർക്ക് തുക ലഭിക്കാനുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ; | (സി) | 2023-24 സാമ്പത്തിക വർഷം പട്ടിക ജാതി വികസന വകുപ്പ് ആകെ 289.79 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 2022-23 വർഷം ആകെ 1,39,042 വിദ്യാർത്ഥികൾ അപേക്ഷിച്ചതിൽ 1,37,670 പട്ടിക ജാതി വിദ്യാർത്ഥികളുടെ അപേക്ഷകൾ അംഗീകരിച്ച് തുക വിതരണം നടത്തി. 2023-24 വർഷം ആകെ |

| | | | |
|---|---|---|---|
| | | | 1,35,550 വിദ്യാർത്ഥികൾ അപേക്ഷിച്ചതിൽ 1,33,569 വിദ്യാർത്ഥികളുടെ അപേക്ഷകൾ അംഗീകരിച്ച് തുക വിതരണം നടത്തി വരുന്നു. ഇനി 203.706 കോടി രൂപ കുടിശ്ശികയുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വഴി 2018-2019 മുതൽ 2022-23 വരെയുള്ള 38,478 ക്ലെയിമുകളും, 486 സ്ഥാപനങ്ങൾക്കും പൂർണ്ണമായും തുക വിതരണം ചെയ്തിട്ടുണ്ട്. 14.59 കോടി രൂപ കുടിശ്ശികയുണ്ട്. ഈ കുടിശ്ശിക ഈ സാമ്പത്തിക വർഷം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇ - ഗ്രാൻഡ്സ് മുഖേന വിദ്യാർത്ഥികൾക്ക് കൃത്യമായി പണം ലഭിക്കുന്നില്ല എന്നത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ഡി) | ഇത് സംബന്ധിച്ച് നിരവധി പരാതികൾ ലഭിക്കുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ 2023-2024 അധ്യയന വർഷത്തിൽ ഇക്കാര്യത്തിൽ 14 പരാതികൾ ലഭിച്ചിട്ടുണ്ട്. 2021-2022 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളുവെന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇത് സംബന്ധിച്ച് സാങ്കേതിക സഹായം നൽകുവാൻ കേന്ദ്ര സർക്കാർ വരുത്തിയ കാലതാമസം കാരണം സ്കോളർഷിപ്പ് കുടിശിക വരുവാൻ ഇടയായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻ തന്നെ കുടിശിക അടക്കമുള്ള തുക വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുകയും കുടിശിക തുക അനുവദിച്ച് വരികയും ചെയ്യുന്നു.<br><br>2021-2022 വർഷം മുതലുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ 75% കേന്ദ്ര വിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള കുടിശിക തുക സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുകയും അപ്രകാരം പ്രസ്തുത തുക അനുവദിച്ചു വരികയും ചെയ്തു വരുന്നു. |
| (ഇ) | ഇ - ഗ്രാൻഡ് സംബന്ധിച്ചുള്ള പരാതികൾ തീർപ്പാക്കാനും നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനും സെക്രട്ടറിയേറ്റിൽനിന്നും അഡീഷണൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ? | (ഇ) | ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ